LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയപ്രവർത്തനം എന്നാൽ ബോംബ് നിർമ്മാണവും അക്രമവുമല്ല എന്ന സന്ദേശം നമ്മുടെ യുവാക്കൾക്ക് നൽകുവാൻ ഉത്തരവാദപ്പെട്ട രാഷ്ട്രീയ പാർട്ടികൾക്ക് കഴിയണം. തികച്ചും പ്രാകൃതവും കേരളീയ സംസ്കാരത്തിന് അങ്ങേയറ്റം അപമാനകരവുമായ ഈ ഭീകര സംഭവത്തെ കേരള നിയമസഭ ഐക്യകണ്ഠേന അപലപിച്ചുകൊണ്ട് ശരിയായ സന്ദേശം സമൂഹത്തിന് നൽകുവാനാകണം. അതോടൊപ്പം തങ്ങളുടെ പ്രവർത്തകർ ഒരു കാരണവശാലും ഇത്തരം ഭീകരതയിലേക്ക് പോകുന്നില്ല എന്ന് ഉറപ്പുവരുത്തുവാനുള്ള ഉത്തരവാദിത്വവും ജനാധിപത്യബോധവും എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രകടിപ്പിക്കണം. രാഷ്ട്രീയ നേതൃത്വത്തിന്റെ പ്രോത്സാഹനം ലഭിക്കുമ്പോഴാണ് ഇത്തരം ക്രിമിനൽ പ്രവർത്തനങ്ങൾ സമൂഹത്തിൽ തഴച്ചുവളരുന്നത് എന്ന യാഥാർത്ഥ്യത്തിനുനേരെ ഇനിയും ആരും കണ്ണടയ്ക്കരുത്. സംസ്ഥാന ഗവൺമെന്റ് ബോംബ് രാഷ്ട്രീയത്തെ ശക്തമായി അമർച്ചചെയ്യുമെന്ന് അസന്നിഗ്ദ്ധമായി വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കണ്ണൂരിലെ ചില മേഖലകളുടെ ശാപമായി മാറിയ ഇത്തരം ഭീകരതയെ ശക്തമായി നേരിടുവാൻ സംസ്ഥാന പോലീസ് ഇടർനടപടികൾ സ്വീകരിക്കുന്നതാണ്. അതിനായി തലശ്ശേരിയിലും പരിസരത്തും വർഷത്തിൽ 365 ദിവസവും പ്രവർത്തനക്ഷമമായ NSG (നാഷണൽ സെക്യൂരിറ്റി ഗാർഡ്) പരിശീലനം ലഭിച്ച പോലീസ് വിദഗ്ധസംഘത്തെ വിന്യസിക്കുന്നതാണ്. ഈ സ്പെഷ്യൽ ബോംബ് സ്ക്വാഡ് കണ്ണൂർ റേഞ്ച് ഡി.ഐ.ജി.യുടെ നിയന്ത്രണത്തിലായിരിക്കും. അതോടൊപ്പം ഇത്തരം കേസ്സുകളുടെ കാര്യക്ഷമവും സത്വരവുമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുവാൻ എല്ലാവിധ നടപടികളും സ്വീകരിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

എല്ലാ രാഷ്ട്രീയ പാർട്ടികളും ബോംബ് രാഷ്ട്രീയത്തെ നിരുത്സാഹപ്പെടുത്തുന്ന സമീപനം ഇനിയെങ്കിലും സ്വീകരിച്ചുകൊണ്ട് സമാധാനവും ശാന്തിയും ഉറപ്പുവരുത്തുവാൻ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന എല്ലാ നടപടികളും വിജയിപ്പിക്കുവാനും സഹകരിക്കുവാനും മുന്നോട്ട് വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്....ബഹുമാന്യരായ അംഗങ്ങൾ ഇരിക്കണം..... (ബഹളം)... പ്ലീസ്.... (ബഹളം).....

X റിപ്പോർട്ട് സമർപ്പണം

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ അഞ്ചാമത് റിപ്പോർട്ട്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി I-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

326/2021

LIBRARY ARCHIVES Kerala Legislative Assembly

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ അഞ്ചാമത് റിപ്പോർട്ട്

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി II-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ അഞ്ചാമത് റിപ്പോർട്ട്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ജലവിഭവം സംബന്ധിച്ച വിഷയ നിർണ്ണയ സമിതി III-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അഞ്ചാമത് റിപ്പോർട്ട്

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി IV-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സബ്ജക്ട് കമ്മിറ്റി V-ന്റെ അഞ്ചാമത് റിപ്പോർട്ട്

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, മരാമത്തും ഗതാഗതവും വാർത്താ വിനിമയവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി V-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അഞ്ചാമത് റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച വിഷയ നിർണ്ണയ സമിതി VI-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അഞ്ചാമത് റിപ്പോർട്ട്

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി VII-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അഞ്ചാമത് റിപ്പോർട്ട്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച വിഷയ നിർണ്ണയ സമിതി VIII-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അഞ്ചാമത് റിപ്പോർട്ട്

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി IX-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടും 1-4-2014 മുതൽ 31-3-2015 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അഞ്ചാമത് റിപ്പോർട്ട്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി X-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടും 2014 ഏപ്രിൽ ഒന്നു മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അഞ്ചാമത് റിപ്പോർട്ട്

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XI-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അഞ്ചാമത് റിപ്പോർട്ട്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XII-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അഞ്ചാമത് റിപ്പോർട്ട്

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സാമൂഹ്യസേവനം സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XIII-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XIV-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടും 1-4-2014 മുതൽ 31-3-2015 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിരണ്ടു മുതൽ മുപ്പത്തി ആറുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വർക്കല കഹാർ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിരണ്ടു മുതൽ മുപ്പത്തിയാറുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ട്

ശ്രീ. റ്റി. യു. കുരുവിള: സർ, മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത്തെയും ആറാമത്തെയും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇന്നു കൂടിയേ കാര്യോപദേശക സമിതിയുടെ തീരുമാനം പ്രമേയമായി അവതരിപ്പിക്കാവുന്നതാണ്.